# നല്ല അംശം തിരഞ്ഞെടുക്കുക

## ലൂക്കോസ് 10:42

**"എന്നാൽ അൽപമേ വേണ്ടു; അല്ല ഒന്നു മതി. മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു; അത് ആരും അവളോട് അപഹരിക്കുകയില്ല."**

സഹോദരിമാരായ മാർത്തയുടെയും മറിയടെയും ഭവനത്തിലേക്ക് യേശു ക്രിസ്തു കടന്നു വന്നപ്പോൾ യേശുവിനെ സ്വീകരിച്ച്, അവനു വേണ്ടി ശുശ്രൂഷ ചെയ്ത് വലഞ്ഞ്, തന്റെ സഹോദരി തന്നെ സഹായിക്കുന്നില്ല എന്ന പരാതിയുമായി, യേശുവിന്റെ ആടുത്തെത്തിയ മാർത്തയോട്, യേശു പറഞ്ഞ മറുപടിയാണ് നാം ഇവിടെ കണ്ടത്. ഒന്ന് ചിന്തിച്ചു നോക്കിയാൽ മാർത്ത ചെയ്ത പ്രവൃത്തിയെ ഒരു തെറ്റായി കാണാൻ കഴിയില്ല. എന്നാൽ അവൾ അവളുടെ ജോലികളാൽ ഭാരപ്പെട്ട് യേശുവിനോട് പരാതി പറയുന്നതായി നാം കാണുന്നു. നമ്മുടെ ജീവിതത്തിലും പലപ്പോഴും നാമും ഈ മാർത്തയെ പോലെ പല കാര്യങ്ങളിൽ കുഴഞ്ഞുമറിഞ്ഞ് ഒടുവിൽ ദൈവസന്നിധിയിൽ പരാതിയുമായി ചെല്ലാറില്ലേ. നിനക്കുവേണ്ടി ഞാൻ പലതും ചെയ്തിട്ടും, എന്നെ ആരും സഹായിക്കുന്നില്ല എന്നും, ദൈവം പോലും കാണുന്നില്ല എന്നൊക്കെ നാമും പലവട്ടം പറഞ്ഞിട്ടുണ്ടാവാം. എന്നാൽ ഇവിടെ മാർത്തയെ ആശ്വസിപ്പിക്കുന്നതിനു പകരം യേശു പറഞ്ഞ വാക്കുകൾ നാം ഓർക്കണം. മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു; അത് ഒന്നു മതി എന്നുള്ളതാണ് നാമും ഓർത്തിരിക്കേണ്ട സത്യം.

പ്രിയ ദൈവമക്കളേ ദൈവസന്നിധിയിൽ ഇരുന്ന് അവൻ പറയുന്നത് കേൾക്കാൻ സമയമില്ലാതെയുള്ള നമ്മുടെ അലച്ചിലുകൾ, അത് ദൈവത്തിനെ പ്രസാദിപ്പിക്കാനാണ് എന്ന് നാം അവകാശപ്പെടുമ്പോൾ പോലും, ദൈവം അതിൽ സന്തോഷിക്കുന്നില്ല എന്ന് ഇവിടെ നാം കാണുന്നു. നമുക്കും നമ്മുടെ ജീവിതത്തെ ഒന്ന് ശോധന ചെയ്ത് നോക്കാം. എന്റെ ശുശ്രൂഷകളിൽ പോലും ഞാൻ തളർന്നു പോയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ തിരക്കുകളെല്ലാം മാറ്റിവെയ്ക്കാം. കാരണം ദൈവസന്നിധിയിൽ നാം ചിലവിട്ട സമയങ്ങൾ, അത് എന്നും നമ്മുടെ കൂടെ തന്നെ ഉണ്ടാവും. മറ്റുള്ളതെല്ലാം അപഹരിക്കപ്പെടുമ്പോൾ ഈ ബന്ധത്തെ അപഹരിക്കുവാൻ ആർക്കും കഴിയില്ല. അതുകൊണ്ട് മറിയയെ പോലെ പൂർണ്ണ മനസ്സോടെ ദൈവത്തിന്റെ പാദപീഠത്തിങ്കൽ നമുക്കും ആയിരിക്കാം. എന്നാൽ ഇത് ഒരിക്കലും നമ്മുടെ ഉത്തരവാദിത്വങ്ങളിൽ നിന്നുള്ള ഒരു ഒളിച്ചോട്ടമാവരുത്. ദൈവത്തോട് ചേർന്നിരുന്ന് അവനിൽ നിന്നു പ്രാപിക്കുന്ന ശക്തിയോടെ നമ്മുടെ ഓട്ടം നമുക്ക് ഉത്സാഹത്തോടെ ഓടിത്തീർക്കാം. നമ്മുടെ തിരഞ്ഞെടുപ്പുകൾ എന്നും നമ്മെ നിത്യതയോളം എത്തിക്കുന്നതായി തീരണേ എന്ന് പ്രാർത്ഥിക്കാം.

പരാമർശം:

യോഹന്നാൻ 10:27

എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു; ഞാൻ അവയെ അറിയുകയും അവ എന്നെ അനുഗമിക്കുകയും ചെയ്യുന്നു.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 096